**കേരള സർക്കാർ**

നം. എസ്.ഡി.2/63/2017-പൊ.ഭ.വ. പൊതു ഭരണ (സർവീസസ്-ഡി) വകുപ്പ്.
തീയതി, തിരുവനന്തപുരം, 27/07/2017

## പരിപത്രം

**വിഷയം - പൊ.ഭ.വ. - 2017 ആഗസ്റ്റ് 20 – സത്ഭാവനാ ദിനമായി ആചരിക്കുന്നത് - സംബന്ധിച്ച്.**

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ആഗസ്റ്റ് 20 സത്ഭാവനാദിനമായി എല്ലാ വർഷവും ദേശവ്യാപകമായി ആചരിക്കുകയാണ്. അക്രമ മാർഗ്ഗങ്ങൾ വെടിഞ്ഞ് ദേശത്തിന്റെയും ഭാഷയുടെയും മതത്തിന്റെയും പേരിലുള്ള വ്യത്യാസങ്ങൾ മറന്ന് എല്ലാ വിഭാഗം ജനങ്ങളിലും ദേശീയ ഐക്യവും പരസ്പര സ്നേഹവും വളർത്തുന്നതിനുള്ള സന്ദേശം നല്കുന്നതിനാണ് വർഷംതോറും ഈ ദിനം ആഘോഷിച്ചുപോരുന്നത്.

ഈ വർഷം ആഗസ്റ്റ് 20 പൊതുഅവധി ആയതിനാൽ ആഗസ്റ്റ് 19 ന് സംസ്ഥാനവ്യാപകമായി സത്ഭാവനാ ദിനം ആചരിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. എല്ലാ ജില്ലാകളക്ടർമാരുടേയും വകുപ്പ മേധാവികളുടെയും ഓഫീസുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ആഗസ്റ്റ് 19 ശനിയാഴ്ച രാവിലെ 11 മണിക്ക് സത്ഭാവനാദിന പ്രതിജ്ഞ സംഘടിപ്പിക്കേണ്ടതാണ്. പ്രതിജ്ഞ ചുവടെ ചേർക്കുന്നു.

1
18/8/17

CE
DESIGN & ADMIN

## പ്രതിജ്ഞ

**"സമുദായം, മതം, പ്രദേശം, ഭാഷ തുടങ്ങിയ യാതൊരുവിധ പരിഗണനയും കൂടാതെ ഭാരതത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ഐക്യത്തിനും സൗഹാർദ്ദത്തിനും വേണ്ടി അർപ്പണ ബോധത്തോടെ പ്രവർത്തിക്കുമെന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.**

**ഒരിക്കലും അക്രമമാർഗ്ഗം സ്വീകരിക്കില്ലെന്നും എല്ലാത്തരം ഭിന്നതകളും ചർച്ചകളിലൂടെയും ഭരണഘടനാപരമായ മറ്റ് മാർഗ്ഗങ്ങളിലൂടെയും പരിഹരിക്കുമെന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."**

**ന്നും ഞാൻ പ്രതിജ്ഞ ചെയ്യുന്നു."**

**ആർ. രാജശേഖരൻ നായർ**
അഡീഷണൽ സെക്രട്ടറി

എല്ലാ ജില്ലാകളക്ടർമാർക്കും
എല്ലാ വകുപ്പ മേധാവികൾക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മീഷൻ (ആമുഖകത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈ കോടതി, എറണാകുളം (ആമുഖകത്ത് സഹിതം)